➪ *മൂന്നു പ്രധാന സന്ദർഭങ്ങളിലാണ് ഉടമസ്ഥതയെ കുറിച്ചുള്ള ചർച്ചകൾ കടന്നു വരുന്നത്* ➪

# ഗാഡ്ഗിൽ റിപ്പോർട്ടും ഭൂവുടമസ്ഥതയും

ഭൂവുടമസ്ഥാവകാശത്തിന്റെ ഉടച്ചുവാർക്കൽ എന്ന രണ്ടാം ഭൂപരിഷ്കരണത്തിന്റെ അടിസ്ഥാന പരിസരത്തെ ഗാഡ്ഗിൽ റിപ്പോർട്ട് അംഗീകരിക്കുന്നില്ല. ഭൂമിയുടെ പുനർവിതരണത്തിനായി, ആദിവാസി–ദളിത് വിഭാഗങ്ങളുടെ മുൻകൈയിൽ കേരളത്തിൽ നടക്കുന്ന സമരങ്ങളെയും അവയുടെ മുദ്രാവാക്യങ്ങളെയും മുന്നോട്ടു കൊണ്ടുപോകാൻ ഗാഡ്ഗിൽ റിപ്പോർട്ട് ഒരു ആയുധമാകുന്നില്ല.

**ഡോ. ടി.ടി. ശ്രീകുമാർ**

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ പുരോഗമനപരമായ ഒരു നിലപാടായി അതിലെ ഭൂവുടമസ്ഥതയെ കുറിച്ചുള്ള നിരീക്ഷണങ്ങൾ മനസ്സിലാക്കപ്പെട്ടിട്ടുണ്ട് എന്ന് തോന്നുന്നു. ഇത് എത്ര മാത്രം ശരിയാണ് എന്നത് നിശിതമായ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. ഗാഡ്ഗിൽ റിപ്പോർട്ടിനെ അമിതമായി ആദർശവൽക്കരിക്കുന്ന സമീപനം വിമർശനാത്മകതയെ തളർത്തുകയും രാഷ്ട്രീയ വിശകലനത്തെ മരവിപ്പിക്കുകയും ചെയ്യുന്നു എന്നതുകൊണ്ടാണ് കൂടുതൽ ചർച്ച അനിവാര്യമാകുന്നത്. ചിലയിടത്ത് ഒസ്ട്രോമിന്റെയും (Ostrom) ചിലയിടത്ത് നിയോ ക്ലാസ്സിക്കൽ ധനശാസ്ത്രത്തിന്റെയും സമീപനങ്ങൾ കൈക്കൊള്ളുന്ന ഒരു വിശാലവീക്ഷണമുള്ള (eclectic) സമീപനം ആണ് റിപ്പോർട്ടിനുള്ളത്. അക്കദമിക് തലത്തിൽ ഇത് സ്വീകാര്യമാണെങ്കിലും ഇതിനെ വളരെ പെട്ടെന്ന് ഒരു സമര മാനിഫെസ്റ്റോ ആക്കി ഉദാത്തവൽക്കരിക്കുന്നത് ഗുണം ചെയ്യും എന്ന് തോന്നുന്നില്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാന പ്രശ്നം രണ്ടാം ഭൂപരിഷ്കരണം എന്ന ദളിത്–ആദിവാസി അജണ്ടയെ അത് പിന്നോട്ടടിക്കുന്നു എന്നതാണ്. ഉടമസ്ഥതയെ കുറിച്ചുള്ള നിരീക്ഷണങ്ങൾ യഥാർത്ഥത്തിൽ ഈ നിഗമനത്തിന് അടിവരയിടുകയാണ് ചെയ്യുന്നത്.

മൂന്നു പ്രധാന സന്ദർഭങ്ങളിലാണ് റിപ്പോർട്ടിൽ ഉടമസ്ഥതയെ കുറിച്ചുള്ള ചർച്ചകൾ കടന്നു വരുന്നത് (ഭാഗം രണ്ടിൽ). ചെറുകിട വനോൽപ്പന്നങ്ങളുടെ സഹായത്തോടെ ആദിവാസി സമൂഹത്തിന്റെ ജീവിത നിലവാരം എങ്ങനെ മെച്ചപ്പെടുത്താം എന്ന സന്ദർഭമാണ് ഒന്ന്. അവിടെ റിപ്പോർട്ട് പറയുന്നത്, സാമൂഹിക വന പരിപലനമോ സംയുക്ത വന പരിപാലനമോ ഇല്ലാത്ത നിരവധി വനപ്രദേശങ്ങൾ ഇപ്പോഴുമുണ്ടെന്നും അവിടങ്ങളിലെ ചെറുകിട വനോൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് കേവലം ഉടമസ്ഥത പോരെന്നും ബോധപൂർവ്വമായ വന നവീകരണം ആവശ്യമുണ്ടെന്നുമാണ്. കമ്യൂണിറ്റി ഉടമസ്ഥത നിലനിൽക്കുന്നു എന്ന് കമ്മിറ്റി പറയുന്ന മേഖലകളിലെ കാര്യമാണിത്. PESA (Panchayath Extension of Scheduled Areas), FRA (Forest Rights Act) തുടങ്ങിയ നിയമങ്ങളും, ഇവിടുത്തെ സാമൂഹിക ഉടമസ്ഥതയും വനവ്യവസ്ഥയുടെ തകർച്ചയെ തടയുന്നില്ലെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. എന്നാൽ PESA, FRA, Forest Conservation Act (FCA) തുടങ്ങിയവയെക്കുറി

ച്ചുള്ള അടിസ്ഥാന വിമർശനങ്ങളെ റിപ്പോർട്ട് കണ്ടില്ലെന്നുനടിക്കുന്നു. 2002 ലെ സർക്കുലർ അനുസരിച്ച് ആദിവാസികളെ കയ്യേറ്റക്കാരായി കാണുന്ന സമീപനമാണ് കേന്ദ്ര വനം മന്ത്രാലയം സ്വീകരിച്ചിരുന്നത്. വൻകിട ചൂഷകർക്ക് പുറം വാതിലിലൂടെ വനം കൊള്ളക്ക് അവസരമുണ്ടാക്കുകയും ആദിവാസികളുടെ അവകാശങ്ങളെ ചോദ്യം ചെയ്യുകയും ചെയ്യുന്ന സമീപനമായിരുന്നു അവരുടേത്.

വന സംരക്ഷണ നിയമം വനേതര ഉപയോഗത്തിനുള്ള വന ഭൂവിനിയോഗം തടയുന്നുണ്ടെങ്കിലും മുൻകൂർ അനുവാദത്തോടെ ഇതാകം എന്ന നിബന്ധനയിലൂടെ അത്തരം വിനിയോഗങ്ങളെ ഫലത്തിൽ അംഗീകരിക്കുകയാണുണ്ടായത്. മാത്രമല്ല വൻകിടക്കാർക്ക് വന ഭൂവിനിയോഗം എളുപ്പമാവുകയും ആദിവാസികളെ വനമേഖലകളിൽ നിന്ന് ഇറക്കി വിടുന്നതിനു പോലും കഴിയുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു. Protected Area Network എന്ന നിയമം വന്നതോടെ ഈ ദുരവസ്ഥ അതിന്റെ പാരമ്യത്തിലെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ, യാതൊരു പ്രത്യക്ഷാവകാശങ്ങളും നിർവചിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ നിന്ന് ആദിവാസികളെ പുറത്താക്കുന്നത് ഭരണകൂടത്തിന് എളുപ്പമായിത്തീർന്നു. അവരുടെ അധിവാസ അവകാശം പോലും ചോദ്യം ചെയ്യപ്പെട്ടു. മാത്രമല്ല, 2002ലെ വന്യജീവി സംരക്ഷണ നിയമം (Wildlife Protection Act , WLPA) PESAയെ കുറിച്ച് മിണ്ടുന്നില്ല. സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടും അവകാശങ്ങൾ പിൻവലിക്കുകയാണ് ഉണ്ടായിട്ടുള്ളത്. വന സംരക്ഷണ നിയമവും വന്യജീവി സംരക്ഷണ നിയമവും ഭരണഘടനാപരമായ PESA പോലെയുള്ള നിയമങ്ങളെക്കാൾ കൂടുതൽ കർക്കശമാണെന്നുള്ളത് ഇതിനോടൊപ്പം അറിഞ്ഞിരിക്കേണ്ട ഒരു വസ്തുതയാണ്. കൂടാതെ PESA പോലുള്ള നിയമങ്ങളുടെ പരിമിതികളെയും റിപ്പോർട്ട് ഒരു വലിയ പരിധിവരെ കണ്ടില്ലെന്നു നടിക്കുന്നു.

സാമൂഹിക ഉടമസ്ഥതയെ സംബന്ധിച്ചുള്ള ഇത്തരം സങ്കീർണ്ണമായ പ്രശ്നങ്ങളെ ഗാഡ്ഗിൽ റിപ്പോർട്ട് അവഗണിക്കുകയാണ് ചെയ്യുന്നത് എന്ന് കാണാം. വനം വകുപ്പിനെ കുറിച്ചുള്ള കേവല വിമർശനങ്ങളിൽ റിപ്പോർട്ട് ഒതുങ്ങിപ്പോവുകയും ആദിവാസി മേഖലകളിലെ ഭരണപരമായ വലിയ വെല്ലുവിളികളെ അത് അവഗണിക്കുകയും ചെയ്യുന്നു. ആദിവാസി സ്വയംഭരണത്തിന്റെ രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുന്നതിന് ഗാഡ്ഗിൽ റിപ്പോർട്ടിലെ ടെക്നോക്രാറ്റിക്ക് സമീപനം മതിയാവാതെ വരുമെന്നും അതിനേക്കാൾ അടിസ്ഥാനപരമായ മുദ്രാവാക്യങ്ങൾ ആദിവാസി വിഭാഗങ്ങൾ ഇന്ത്യയിലും കേരളത്തിലും ഉയർത്തിക്കൊണ്ടു വന്നിട്ടുണ്ടെന്നും മനസിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ ഉടമസ്ഥതയുടെ കാര്യത്തിലുള്ള മുന്നോട്ടു പോക്കായി കാണാൻ സാധ്യമല്ല എന്നതാണ് യാഥാർത്ഥ്യം. വനാവകാശ പ്രശ്നവുമായി ബന്ധപ്പെട്ടുള്ള ചർച്ചകളിൽ നിന്ന് ചില വശങ്ങൾ മാത്രമാണ് ഗാഡ്ഗിൽ റിപ്പോർട്ട് സ്വീകരിച്ചിട്ടുള്ളത്.

> കാർഷിക വൃത്തിയിൽ നിന്ന് കാർഷികേതര വൃത്തിയിലേക്ക് ഭൂമി മാറ്റുന്നതിന് ഇത്തരം ഭൂമി വിൽപ്പന കാരണമായെന്ന ഒരു നിരീക്ഷണം മാത്രമാണ് കമ്മിറ്റി നടത്തുന്നത്. ഇതിൽ പുതുതായി ഒന്നുമില്ല. ഇത് ഉൽപ്പാദന ബന്ധം മാറുന്നതിനെ കുറിച്ചുള്ള ഒരു കാഴ്ചപ്പാടല്ല. ഭൂവിതരണത്തിന്റെ പ്രശനത്തെ ഇത് അഭിസംബോധന ചെയുന്നുപോലുമില്ല. ഉടമസ്ഥാവകാശത്തിന്റെ ഉടച്ചുവാർക്കൽ എന്ന രണ്ടാം ഭൂപരിഷ്കരണത്തിന്റെ അടിസ്ഥാന പരിസരത്തെ റിപ്പോർട്ട് അംഗീകരിക്കുന്നില്ല .

രണ്ടാമതായി, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ഉടമസ്ഥതയുടെ പ്രശ്നം ചർച്ച ചെയ്യുന്നത് ജീവിതരീതിയും ഉടമസ്ഥതയും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുന്ന സന്ദർഭത്തിലാണ്. ഇവിടെ സാമൂഹികമായ ഉടമസ്ഥതയെ കുറിച്ചല്ല, സ്വകാര്യ ഉടമസ്ഥതയെക്കുറിച്ചാണ് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത്. ഗ്രാമവാസികൾ /നഗരവാസികൾ എന്നൊരു ലളിതമായ dichotomy ആണ് ഗാഡ്ഗിൽ സ്വീകരിച്ചിട്ടുള്ളത്. ഗ്രാമവാസികൾ നഗര ജീവിതം ആസ്വദിക്കാൻ ഇഷ്ടപ്പെടുന്നതുകൊണ്ട് ഭൂമിവിട്ട് നഗരത്തിലേക്ക് പോകുന്നുവെന്നും നഗരവാസികളാവട്ടെ ഗ്രാമ ജീവിതം ഇഷ്ടപ്പെട്ട് ഭൂമി വാങ്ങുകയും ചെയ്യുന്നു എന്നാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. 'ഉടമസ്ഥത' ഭൂവിനിയോഗത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെ കുറിച്ചുള്ള കമ്മിറ്റിയുടെ വിലയിരുത്തലിന്റെ സന്ദർഭം ഇതാണ് എന്ന് ഓർക്കേണ്ടതുണ്ട്. കാർഷിക വൃത്തിയിൽ നിന്ന് കാർഷികേതര വൃത്തിയിലേക്ക് ഭൂമി മാറ്റുന്നതിന് ഇത്തരം ഭൂമി വിൽപ്പന കാരണമായെന്ന ഒരു നിരീക്ഷണം മാത്രമാണ് കമ്മിറ്റി നടത്തുന്നത്. ഇതിൽ പുതുതായി ഒന്നുമില്ലെ

⇨ കമ്മിറ്റി എടുത്തിട്ടുള്ള നിലപാടുകൾ ഫലത്തിൽ കേരളത്തിലെ ഭൂസമരങ്ങളുടെ യുക്തിയെ തന്നെ ചോദ്യം ചെയ്യുന്നതാണ് ⇨




ന്ന് നമുക്കറിയാം. ഇത് ഉൽപ്പാദന ബന്ധം മാറുന്നതിനെ കുറിച്ചുള്ള ഒരു കാഴ്ചപ്പാടല്ല. ഭൂവിതരണത്തിന്റെ പ്രശ്നത്തെ ഇത് അഭിസംബോധന ചെയ്യുന്നുപോലുമില്ല. ഇതിനുള്ള പരിഹാരത്തിലാവട്ടെ, പൊതു ഉടമസ്ഥതിയിലുള്ള ഭൂമി ഒരു കാരണവശാലും സ്വകാര്യ ഉടമസ്ഥതയിലാക്കരുത് എന്ന് പറയുന്നത് ഭൂ പുനർവിതരണത്തിന്റെ അജണ്ടയെ നിർവീര്യമാക്കുന്നതുമാണ്.

ഉടമസ്ഥാവകാശത്തിന്റെ ഉടച്ചുവാർക്കൽ എന്ന രണ്ടാം ഭൂപരിഷ്കരണത്തിന്റെ അടിസ്ഥാന പരിസരത്തെ റിപ്പോർട്ട് അംഗീകരിക്കുന്നില്ല എന്നതാണ് വസ്തുത. ഭൂമിയുടെ പുനർവിതരണത്തിനായുള്ള സമരത്തിന്റെ മുദ്രാവാക്യത്തെ മുന്നോട്ടു കൊണ്ടുപോകാൻ ഗാഡ്ഗിൽ റിപ്പോർട്ട് ഒരു ആയുധമാകുന്നില്ലെന്ന് മാത്രമല്ല അത് ആ മുദ്രാവാക്യത്തെ പരിമിതപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഭൂമി ഉടമസ്ഥതയുടെ രീതികളെ കുറിച്ചുള്ള ഗാഡ്ഗിൽ നിരീക്ഷണങ്ങളല്ല, മറിച്ച്, ഉടമസ്ഥാവകാശം അതില്ലാത്തവർക്ക് നൽകുന്നതിനുള്ള ദലിത്-ആദിവാസി മുദ്രാവാക്യങ്ങളാണ് കേരളം മുന്നോട്ടു കൊണ്ടുപോകേണ്ടത്. ഗാഡ്ഗിൽ നിരീക്ഷണം കേവല ധനശാസ്ത്ര യുക്തിയുടെ ആവർത്തനം മാത്രമാണ്. എന്നാൽ ഏറ്റവും ശക്തമായി ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് രണ്ടാം ഭൂപരിഷ്കരണ അജണ്ടയെ ചോദ്യം ചെയ്യുന്നത് വന സംരക്ഷണത്തിനുള്ള പ്രതിഫലത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന സന്ദർഭത്തിലാണ്. ഇവിടെ ഉടമസ്ഥതയെ സംബന്ധിച്ച് തികച്ചും യാഥാസ്ഥിതികവും, മൂലധന താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്നതുമായ ഒരു സമീപനമാണ് റിപ്പോർട്ട് വികസിപ്പിക്കുന്നത്. പ്രതിഫലം നൽകാനുള്ളവരുടെ കൂട്ടത്തിൽ വൻകിട തോട്ടങ്ങളെയും ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെടുന്ന റിപ്പോർട്ട് അവിടെ അത് അവസാനിപ്പിക്കുന്നില്ല. സ്വകാര്യ കമ്പനികളെയും തോട്ടങ്ങളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള റിപ്പോർട്ടിന്റെ ആഭിമുഖ്യം എന്തെങ്കിലും നിക്ഷിപ്ത താൽപ്പര്യം കൊണ്ടാണെന്ന് പറയുന്നില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റി എടുത്തിട്ടുള്ള നിലപാടുകൾ ഫലത്തിൽ കേരളത്തിലെ ഭൂസമരങ്ങളുടെ യുക്തിയെ തന്നെ ചോദ്യം ചെയ്യുന്നതാണ് എന്നത് വിസ്മരിച്ചുകൂടാ. തോട്ടങ്ങളെ പൂർണ്ണമായ സ്വകാര്യ ഉടമസ്ഥതയിൽ ഉള്ളതും സർക്കാർ ഭൂമി പാട്ടത്തിനെടുത്തവയും എന്നാണു കമ്മിറ്റി വേർതിരിക്കുന്നത്. ഇതിൽ സർക്കാർ ഭൂമി പാട്ടത്തിനെടുത്ത കമ്പനികളോടുള്ള സമീപനത്തെ കുറിച്ച് പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് റിപ്പോർട്ട് നൽകുന്നത്. കേരളത്തിലെ ദലിത്-ആദിവാസി സമൂഹത്തെ സംബന്ധിച്ച്, ഗാഡ്ഗിൽ റി

*അതിനെ അമിതമായി ആദർശവൽക്കരിക്കാതിരിക്കുകയും വിമർശനാത്മകമായി വീക്ഷിക്കുകയും ചെയ്യുക*

**കാർട്ടൂൺ** **വി.എസ്. ഗിരീശൻ**




പ്പോർട്ടിലെ ഏറ്റവും യാഥാസ്ഥിതികവും അസ്വീകാര്യവുമായ ഭാഗങ്ങളിൽ ഒന്നാണിത്. ഉടമസ്ഥതയെ കുറിച്ചുള്ള ഗാഡ്ഗിൽ സമീപനത്തിന്റെ കാതൽ നമുക്കിവിടെ കാണാം.

ഇന്ന് കേരളത്തിൽ നടക്കുന്ന ഭൂസമരങ്ങളിൽ ഹാരിസണിന്റേതടക്കം പാട്ടഭൂമി (തോട്ടങ്ങൾ) പിടിച്ചെടുക്കുന്നത് സംബന്ധിച്ച മുദ്രാവാക്യങ്ങൾ ശക്തമായി ഉയർന്നിട്ടുണ്ട് എന്ന് നമുക്കറിയാം. ഇതേക്കുറിച്ച് റിപ്പോർട്ട് തികച്ചും അസ്വീകാര്യമായ ഒരു നിലപാടാണ് മുന്നോട്ടു വയ്ക്കുന്നത്. ഇത് വിസ്മരിച്ചുകൊണ്ട് ഉടമസ്ഥതയെ കുറിച്ചുള്ള ഗാഡ്ഗിൽ ദർശനം ചർച്ച ചെയ്യാൻ കഴിയില്ല എന്നതാണ് വസ്തുത. ഇക്കാര്യത്തിൽ യാതൊരു സന്ദിഗ്ധതയും റിപ്പോർട്ടിലില്ല. തോട്ടമുടമകൾ പാട്ടത്തിനെടുത്തിട്ടുള്ള ഭൂമി, കാലയളവ് അവസാനിക്കുന്നതോടെ തിരിച്ചെടുക്കണമെന്നും ഭൂരഹിതർക്ക് വിതരണം ചെയ്യണമെന്നും ഇതിനകം ആവശ്യം ഉയർന്നിട്ടുള്ളതാണ്. ഗാഡ്ഗിൽ കമ്മിറ്റിയുടെ അഭിപ്രായത്തിൽ 'പ്രകൃതി സംരക്ഷകരുടെ' ഈ വാദം തളിക്കളയേണ്ടതാണ്. അതിനുള്ള കാരണങ്ങളും കമ്മിറ്റി നിരത്തുന്നുണ്ട്. ഒന്ന്, ഇത്തരം പാട്ടങ്ങളെ കുറിച്ചുള്ള ശരിയായ കണക്കുകൾ ലഭ്യമല്ല. രണ്ട്, കണക്കുകൾ ലഭ്യമല്ലെങ്കിലും തോട്ടങ്ങളുടെ പാട്ട ഭൂമി താരതമ്യേന നിസ്സാരമാണ് എന്ന് അഭ്യൂഹിക്കാവുന്നതാണ്. മൂന്ന്, തോട്ടങ്ങളിലെ തൊഴിലാളികളുടെ ജോലി സാധ്യതയെ ബാധിക്കും എന്നുള്ളതുകൊണ്ട് ഇത്തരം ഭൂമി പിടിച്ചെടുക്കുന്നത് ശരിയല്ല. നാല്, അത്തരം ഭൂമിയിൽ കൃഷിയല്ല, വനവൽക്കരണമാണ് നടക്കേണ്ടത്. അതുകൊണ്ട് അവ പിടിച്ചെടുക്കുന്നതോ കാർഷിക ഭൂമിയായി പുനർവിതരണം ചെയ്യുന്നതോ ശരിയല്ല. അഞ്ച്, ഏറ്റവും കുറഞ്ഞ ചെലവിൽ പരിസ്ഥിതി സംരക്ഷണം നിർവഹിക്കാൻ കഴിയുന്നത് സ്വകാര്യമേഖലക്കായതിനാൽ ആ ചുമതല തോട്ടമുടമകളെ തന്നെ ഏൽപ്പിക്കുന്നതാണ് നല്ലത്.

ഇത്തരത്തിൽ പല രീതിയിലും പ്രതിലോമകരമായതും കേരളത്തിലെ ചെങ്ങറ അടക്കമുള്ള ഭൂസമരങ്ങളുടെ യുക്തിയെ തന്നെ ചോദ്യം ചെയ്യുന്നതുമായ ഒരു സമീപനമാണ് ഗാഡ്ഗിൽ കമ്മിറ്റി ഭൂവുടമാസ്ഥതയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഗാഡ്ഗിൽ കമിറ്റിയുടെ നല്ല വശങ്ങൾ സ്വീകരിക്കുന്നതോടോപ്പം തന്നെ അതിനെ അമിതമായി ആദർശവൽക്കരിക്കാതിരിക്കുകയും വിമർശനാത്മകമായി വീക്ഷിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. തീർച്ചയായും കൂടുതൽ ചർച്ചകൾ ഉണ്ടാവേണ്ടതുണ്ട് എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. റിപ്പോർട്ടിനെ കുറിച്ചുള്ള അവസാന വാക്കുകൾ പ്രഖ്യാപിക്കുന്നതിനേക്കാൾ ഉചിതമാവുക സംഭാഷണത്തിന്റെ വാതിലുകൾ തുറന്നിടുക തന്നെയാണ്. ■